# പോലീസ് വകുപ്പ്

# കേരളം

**No.H1-63469/2021/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
spkkdrl.pol@kerala.gov.in
04962523031

തീയതി.12-10-2022

**DO No. 640/2022/ഡി ആർ**

വിഷയം : അച്ചടക്ക നടപടി-ശ്രീ ശ്രീജിത്ത് CPO 8081(PEN 540446) എന്നയാൾക്കെതിരെയുള്ള വാക്കാലന്വേഷണം (H1/PR-05/2022 DR)-പി ആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 1. 05.11.2020 തിയ്യതിയിലെ സ.ഉ(പി).152/2020 ധന നമ്പർ സർക്കാർ ഉത്തരവ്
2. 30.12.2020 തിയ്യതിയിലെ 83/2020 ധന നമ്പർ സർക്കുലർ
3.ഈ ഓഫീസിലെ 04.03.2022 തിയ്യതിയിലെ H1/63469/2021/DR നമ്പർ ഉത്തരവ്
4.31.07.2022 തിയ്യതിയിലെ സൈബർ ക്രൈം പോലീസ് ഇൻസ്പെക്ടറുടെ 33/CCPS/22DR നമ്പർ പിആർ മിനുറ്റ്സ്
5.11.08.2022 തിയ്യതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

ശ്രീ ശ്രീജിത്ത് കെ CPO 8081(PEN 540446)എന്നയാൾ കോഴിക്കോട് റൂറൽ ജില്ലാ DHQ വിൽ ജോലി ചെയ്തു വരവേ വിദേശത്ത് ജോലി നോക്കുന്നതിന് വേണ്ടി ശൂന്യവേതന അവധിക്ക് അപേക്ഷിക്കുകയുണ്ടായി. ആയത് പ്രകാരം 10.10.2006 തിയ്യതിയിലെ GO.(Rt).No.2313/2006/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടിയാൻ 23.10.2006 മുതൽ അവധിയിൽ പ്രവേശിക്കുകയും തുടർന്ന് 29.09.2011 തിയ്യതിയിലെ GO.(Rt).No.2904/2011 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 22.10.2011 തിയ്യതി മുതൽ തുടർച്ചയായി ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും വീണ്ടും 04.10.2016 തിയ്യതിയിലെ പിഎച്ച്ക്യൂ വിലെ L5/133518/2016 നമ്പർ ഉത്തരവ് പ്രകാരം 22.10.2016 തിയ്യതി മുതൽ വീണ്ടും തുടർച്ചയായി ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം 20 വർഷം ശൂന്യ വേതന അവധി എന്നത് 5 വർഷമായി ഉത്തരവായിട്ടുണ്ടെന്നും 5 വർഷത്തിന് ശേഷം ജോലിക്ക് ഹാജരാവാതിരുന്നാൽ **Deemed Resignation** ആയി പരിഗണിക്കുന്നതാണെന്നും ശൂന്യവേതന അവധി ദീർഘിപ്പിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷ 05.11.2020 തിയ്യതിയിലെ സർക്കാർ ഉത്തരവിന് ശേഷമായതിനാൽ അപേക്ഷ പരിഗണിക്കാൻ നിർവാഹമില്ലെന്നും തിരികെ ജോലിയിൽ പ്രവേശിക്കണമെന്നും ടിയാനെ രേഖാമൂലം അറിയിച്ചിട്ടും, വിദേശത്തു ജോലി നോക്കുന്നതിനായി അനുവദിച്ച ശൂന്യവേതന അവധിയുടെ കാലയളവ് 21.10.2021 തിയ്യതി അവസാനിച്ചതിൽ, തിരികെ ജോലിയിൽ പ്രവേശിക്കാതെ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയതിനാൽ സൂചന 1, 2 സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹു സംസ്ഥാന പോലീസ് മേധാവി 30.11.2021 തിയ്യതിയിലെ L5/171040/2021/PHQ നമ്പർ കത്ത് പ്രകാരം നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന 3 പ്രകാരം ടിയാനെതിരെ ഒരു വാക്കാലന്വേഷണം ഉത്തരവാകുകയും അന്വേഷണം നടത്തി പി ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് കോഴിക്കോട് റൂറൽ ജില്ലാ സൈബർ ക്രൈം പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി.

അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി.ആർ.മിനുട്സും അനുബന്ധരേഖകളും ഞാൻ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപണ മെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വിശദമായ വാക്കാലന്വേഷണത്തിൽ തെളിയുന്നുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തോട് യോജിച്ചുകൊണ്ട് ശിക്ഷയായി, ടിയാൻ അവധി അവസാനിച്ച് തിരികെ ജോലിയിൽ ഹാജരാകേണ്ടിയിരുന്ന 22.10.2021 തിയ്യതി മുതൽ ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ഞാൻ താൽക്കാലികമായി തീരുമാനിക്കുകയും സൂചന 5 പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് നാളിതുവരെയായി ടിയാൻ വിശദീകരണമൊന്നും സമർപ്പിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ മേൽപറഞ്ഞിട്ടുള്ള കുറ്റത്തിനുള്ള ശിക്ഷയായി **22.10.2021 തിയ്യതി മുതൽ ശ്രീ ശ്രീജിത്ത് CPO 8081** എന്നയാളെ സർവീസിൽ നിന്നു നീക്കം ചെയ്യുക എന്ന താൽക്കാലിക തീരുമാനം ഇതിനാൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ടു മാസത്തിനകം ടിയാന് ബഹ: കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.



11-10-2022
കറുപ്പസാമി.ആർ. ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീജിത്ത് കെ CPO 8081: അസിസ്റ്റൻറ് കമാണ്ടൻറ് ,DHQ കോഴിക്കോട് റൂറൽ മുഖേന

പകർപ്പ് : അസിസ്റ്റൻറ് കമാണ്ടൻറ് ,DHQ കോഴിക്കോട് റൂറൽ: നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും
സംസ്ഥാന പോലീസ് മേധാവി ,കേരളം (ആവരണക്കത്ത് സഹിതം)അറിവിലേക്കായി
അഡീഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, എന്നിവരുടെ അറിവിലേക്കായി
എ1 മുതൽ എ5 B, ബി1,ബി2,ബി3, എഫ്1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി
ഡി.ഓ ബുക്ക് , ഡി.ഓ ഫയൽ

H1-63469/2021/DR    6c7a60